भारतीय गैर न्यायिक

एक सौ रुपये

Rs. 100

रु. 100

ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

DY 347337

## വാടക കരാർ

01-01-2024 രണ്ടായിരത്തി ഇരുപത്തിനാലാം ആണ്ട് ജനുവരി മാസം ഒന്നാം തീയതി ചേർത്തല താലൂക്ക്, ചേർത്തല തെക്ക് വില്ലേജ്, ചേർത്തല തെക്ക്. പി.ഒ യിൽ പിൻ 688539 ൽ ചേർത്തല തെക്ക് പഞ്ചായത്ത് പരിധിയിൽ പുല്ലാട്ടുവെളിയിലായ ജറിൻ വില്ലയിൽ താമസിക്കും ദേവസ്യ മകൻ **ജോർജ്ജ്** 1-ാം പാർട്ടിയായും ചേർത്തല താലൂക്ക്, ചേർത്തല തെക്ക് വില്ലേജ്, ചേർത്തല തെക്ക്. പി.ഒ യിൽ പിൻ 688539 ൽ ചേർത്തല തെക്ക് പഞ്ചായത്ത് പരിധിയിൽ കൂട്ടപ്പനയ്ക്കൽ താമസം ശങ്കരകുറുപ്പ് മകൻ **മോഹനകുമാർ. പി.കെ** 2-ാം പാർട്ടിയായും ചേർന്ന് എഴുതിയ **വാടക കരാർ.**

1-ാം പാർട്ടി **ജോർജ്ജ്**

2-ാം പാർട്ടി **മോഹനകുമാർ. പി.കെ**

*No. 30678* *Mohanakumar. P.K,*
*12-12-2023* *Koottapanackal, Cherthala South. P.O Rs.100/-*

JERIN JOSEPH
STAMP VENDOR
CHERTHALA

भारतीय गैर न्यायिक

एक सौ रुपये

Rs. 100

रु. 100

ONE HUNDRED RUPEES

सत्यमेव जयते

भारत INDIA

INDIA NON JUDICIAL

കേരളം केरल KERALA

DY 347338

രജിസ്റ്റർ ആധാര പ്രകാരം 1-ാം പാർട്ടിയുടെ കൈവശത്തിലും ഉടമസ്ഥതയിലുള്ളതും ചേർത്തല തെക്ക് പഞ്ചായത്തിൽ നിന്നും **14/364B** എന്ന് നമ്പരിട്ടിട്ടുള്ള കെട്ടിടമുറി 2-ാം പാർട്ടിക്ക് **P.K.S Bio Fertilisers** എന്ന സ്ഥാപനം നടത്തേണ്ട ആവശ്യത്തിനു വേണ്ടി ഇന്നു മുതൽ 11 മാസ കാലാവധിക്ക് പ്രതി മാസം 2500/- (രണ്ടായിരത്തി അഞ്ഞൂറു) രൂപ വാടകയ്ക്ക് 1-ാം പാർട്ടി 2-ാം പാർട്ടിക്ക് താക്കോൽ സഹിതം ഏൽപിച്ചു കൊടുത്തിട്ടുള്ളതും 2-ാം പാർട്ടി ഏറ്റു വാങ്ങിയിട്ടുള്ളതുമാകുന്നു. ഇതിന്റെ ഉറപ്പിലേക്കായി ഒഴിയുന്ന സമയം പലിശയില്ലാതെ മടക്കി കൊടുക്കാമെന്നുള്ള വ്യവസ്ഥയിൽ 25,000/

1-ാം പാർട്ടി **ജോർജ്ജ്**

2-ാം പാർട്ടി **മോഹനകുമാർ. പി.കെ**

*No.* 30679 *Mohanakumar. P.K,*

*12-12-2023 Koottapanackal, Cherthala South. P.O Rs.100/-*

-(ഇരുപത്തിയ്യായിരം) രൂപ 2-ാം പാർട്ടിപക്കൽനിന്നും ഇന്നേദിവസം 1-ാം പാർട്ടി രൊക്കം പറ്റി ബോധ്യപ്പെട്ടിരിക്കുന്നു. ആകയാൽ ടി കെട്ടിടമുറി 2-ാം പാർട്ടി കൈവശം വെച്ചു ടി ആവശ്യത്തിനു ഉപയോഗിച്ചും പ്രതിമാസ വാടക എല്ലാ ഇംഗ്ലീഷ് മാസവും 1-ാം തീയ്യതികൾ തോറും മുടക്കം വരുത്താതെ 2-ാം പാർട്ടി 1-ാം പാർട്ടിയുടെ കൈവശം കൊടുത്തുകൊള്ളാമെന്നും ഏതെങ്കിലും കാരണവശാൽ വാടക കുടിശ്ശിക വരുത്തിയാൽ ആയത് കുടിശ്ശിക വാടക 12% പലിശ സഹിതം അടുത്ത വാടകത്തിയ്യതിക്കു മുമ്പായി കൊടുത്തു തീർക്കാമെന്നും 2-ാം പാർട്ടി സമ്മതിച്ചിരിക്കുന്നു. പ്രതിമാസ വാടകയ്ക്കു പുറമെ അതാതു മാസം 2-ാം പാർട്ടി ഉപയോഗിക്കുന്ന കറന്റ് ചാർജ്ജ് 2-ാം പാർട്ടി അടച്ച് രസീത് 1-ാം പാർട്ടിയെ ഏൽപ്പിക്കേണ്ടതും ആകുന്നു. കാലാവധി വരെ ടി കെട്ടിടമുറി മേൽ ആവശ്യത്തിനു ഉപയോഗിക്കാനല്ലാതെ മറ്റ് യാതൊരവകാശവും 2-ാം പാർട്ടിക്കു സിദ്ധിക്കുന്നതല്ല. ഇരുകൂട്ടർക്കും സമ്മതമുള്ളപക്ഷം ഈ കരാർ കാലാവധിക്കുശേഷവും 2-ാം പാർട്ടി ടി വാടക കെട്ടിടത്തിൽ ബിസിനസ്സ് തുടരുന്ന പക്ഷം 1-ാംപാർട്ടി അനുവാദത്തോടു കൂടി ടി വാടകയിൽ 10% വർദ്ധനയോടു കൂടിയ വാടക നിശ്ചയിച്ച് പുതിയവാടക കരാർ എഴുതി തന്നു കൊള്ളാമെന്നും 2-ാം പാർട്ടി സമ്മതിച്ചിരിക്കുന്നു. കാലാവധി തികയുന്ന സമയം യാതൊരു തർക്കവും പറയാതെ ടി കെട്ടിടമുറി ഒഴിഞ്ഞ് താക്കോൽ സഹിതം 1-ാം പാർട്ടിക്ക് തിരികെ ഏൽപിച്ചു കൊടുത്തു കൊള്ളാമെന്ന് 2-ാം പാർട്ടിയും, ആ സമയം ടി സെക്യൂരിറ്റി തുക താഴെ വിവരിക്കുന്നതുപോലെ 2-ാം പാർട്ടിക്കു കൊടുത്ത് ടി കെട്ടിടമുറി തിരികെ ഏറ്റു വാങ്ങി കൊള്ളാമെന്ന് 1-ാം പാർട്ടിയും സമ്മതിച്ചിരിക്കുന്നു. കാലാവധിക്കു മുമ്പ് 1-ാം പാർട്ടിക്ക് ടി കെട്ടിടത്തിൽ നിന്ന് 2-ാം പാർട്ടിയെ ഒഴിപ്പിക്കേണ്ടതായൊ 2-ാം പാർട്ടിക്ക് സ്വയം ഒഴിയേണ്ടതായൊ വന്നാൽ 1 മാസത്തെ മുൻകൂർ നോട്ടീസ് മൂലം പരസ്പരം അറിയിച്ച് തീരുമാനിക്കേണ്ടതുമാകുന്നു. കാലാവധിവരെ ടി കെട്ടിടമുറി നാശമോശപ്പെടുത്താതെയും അന്യകൈവശം കൊടുക്കാതെയും ഉപചമയങ്ങൾ ഉണ്ടാക്കാതെയും കീഴ്ക്കൂലിക്ക് കൊടുക്കാതെയും ഉപയോഗിച്ചു കൊള്ളാമെന്നും, കെട്ടിടത്തിന് ഹാനികരമായ രാസവസ്തുക്കളോ സ്ഫോടക വസ്തുക്കളോ നിയമവിരുദ്ധ സാമഗ്രികളോ ടി കെട്ടിടത്തിൽ സൂക്ഷിക്കുകയോ നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്യുന്നതല്ലെന്നും 2-ാം പാർട്ടി സമ്മ

1-ാം പാർട്ടി **ജോർജ്ജ്**

2-ാം പാർട്ടി **മോഹനകുമാർ. പി.കെ**

തിച്ചിരിക്കുന്നു. വാടക കുടിശിക വരുത്തിയോ, ഇതിലെ വ്യവസ്ഥകൾക്കു വിരുദ്ധമായി പ്രവർത്തിച്ചിട്ടോ 2-ാം പാർട്ടി ഈ കരാർ ലംഘിച്ചാൽ നിയമാനുസരണമുള്ള നടപടികൾ നടത്തി 2-ാം പാർട്ടിയെ ഒഴിപ്പിക്കുന്നതിന് 1-ാം പാർട്ടിക്ക് അവകാശമുണ്ടായിരിക്കുന്നതും തന്മൂലം 1-ാം പാർട്ടിക്കുണ്ടാകുന്ന സകല നഷ്ടങ്ങളും ചെലവുകളും കൂടാതെ കാലാവധി തീരുന്ന മുറയ്ക്കോ അല്ലാതെയോ ഒഴിയുന്ന സമയം ടി കെട്ടിടമുറിക്കും ഫിറ്റിംഗ്സുകൾക്കും മറ്റും വല്ല നാശനഷ്ടമോ, വാടക കുടിശികയോ കറന്റ് ചാർജ് കുടിശികയോ വരുത്തിയിട്ടുണ്ടെങ്കിൽ ആ വക സകല നഷ്ടങ്ങളും കൂടി സെക്യൂരിറ്റി തുകയിൽ നിന്നും തട്ടികിഴിക്കുന്നതിന് 2-ാം പാർട്ടി സമ്മതിച്ചിരിക്കുന്നതും പോരാതെ വന്നാൽ 2-ാം പാർട്ടി കയ്യിനാലും 2-ാം പാർട്ടി വക സ്ഥാവര ജംഗമ സ്വത്തുക്കളും ഒരുപോലെ ഉത്തരവാദിയായിരിക്കുന്നതാണെന്നും 2-ാം പാർട്ടി സമ്മതിച്ചിരിക്കുന്നു. മുദ്രപ്പത്രത്തിൽ എഴുതിയ കരാർ 1-ാം പാർട്ടിയും ഫോട്ടോ കോപ്പി 2-ാം പാർട്ടിയും സൂക്ഷിക്കാനും നിശ്ചയിച്ചും സമ്മതിച്ചും താഴെ ഒപ്പിടുന്ന സാക്ഷികൾ കാൺകെ നമ്മൾ ഇതിൽ ഒപ്പിട്ടിരിക്കുന്നു.

1-ാം പാർട്ടി **ജോർജ്ജ്**

2-ാം പാർട്ടി **മോഹനകുമാർ. പി.കെ**

സാക്ഷികൾ

1. T. P. Venugopal ........................................

2. ........................................

1-ാം പാർട്ടി **ജോർജ്ജ്**

2-ാം പാർട്ടി **മോഹനകുമാർ. പി.കെ**